# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **990** — **12/12/2012**-ൽ മറുപടിക്ക്

### മൃഗശാലകൾ - നവീകരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ഷാഫി പറമ്പിൽ | കുമാരി. പി.കെ. ജയലക്ഷ്മി<br>(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മൃഗശാലകളിൽ എന്തെല്ലാം നവീകരണ പ്രവൃത്തികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | എ) ആന്റ് (ബി) | മൃഗശാല നവീകരണത്തിനായുള്ള മാസ്റ്റർ പ്ളാൻ കേന്ദ്ര മൃഗശാല അതോറിറ്റി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. മാസ്റ്റർ പ്ളാൻ പൂർണ്ണമായും അംഗീകരിച്ച് കഴിഞ്ഞാൽ അതനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതാണ്. മൃഗശാലയിൽ ജിറാഫ്, സീബ്ര, അനക്കോണ്ട, ഹിമാലയൻ കരടി തുടങ്ങിയ മൃഗങ്ങളെ മൃഗശാലയിലേക്ക് കൊണ്ട് വരുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. മൃഗശാലാ സന്ദർശകർക്ക് ഫിൽട്ടർ സംവിധാനത്തോട് കൂടിയ ശുദ്ധമായ ജലം ലഭിക്കത്തക്ക വിധത്തിൽ വാട്ടർകൂളറുകൾ സ്ഥാപിച്ചു. വിഭിന്ന ശേഷിയുള്ളവർക്ക് മൃഗശാലയിൽ വീൽ ചെയറുകൾ കൊണ്ട് പോകുന്നതിനായി പ്രത്യേകം പാതകൾ നിർമ്മിക്കുകയും വീൽ ചെയറുകൾ ഏർപ്പെടുത്തുകയും ചെയ്തു. സന്ദർശകർക്ക് വിശ്രമ കേന്ദ്രങ്ങൾ നിർമ്മിക്കുകയും, പലയിടത്തും ഗാർഡൻ ബഞ്ചുകൾ ക്രമീകരിക്കുന്നതിന് പുറമെ കടപുഴകി വീണ വൃക്ഷത്തടികൾ ഉപയോഗിച്ച് |

| | | | |
|---|---|---|---|
| (ബി) | മൃഗശാലകളിൽ സന്ദർശകർക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഇതുവരെ എടുത്തിട്ടുള്ളതും ഇനി ചെയ്യാനുദ്ദേശിക്കുന്നതുമായ നടപടികൾ എന്തെല്ലാം;<br>സന്ദർശകർക്ക് എളുപ്പത്തിൽ ടിക്കറ്റ് വാങ്ങുന്നതിന് ഓട്ടോമാറ്റിക് കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | | പക്ഷിമൃഗാദികളുടെ രൂപം കൊത്തിയ മനോഹരമായ ഇരിപ്പിടങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ക്ലോക്ക് റൂം, ഇൻഫർമേഷൻ കൗണ്ടർ എന്നിവ പ്രവർത്തിച്ചു വരുന്നു. സന്ദർശകർക്കായി ഇലക്ട്രോണിക് ടോയ് ലറ്റുകൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. സന്ദർശകർക്ക് അനായാസം മൃഗശാല കാണുന്നതിന് ബാറ്ററിയിൽ ഓടുന്ന വാഹനം വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>സന്ദർശകർക്ക് വേഗത്തിൽ ടിക്കറ്റ് ലഭിക്കുന്നതിന് ഓട്ടോമാറ്റിക് കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മ്യൂസിയം പരിസരത്തായി നാല് കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. |
| | | | |

സെക്ഷൻ ഓഫീസർ